പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

09.02.2016-ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.31

## നാളേക്കിത്തിരി ഊർജ്ജം

ചോദ്യം
ശ്രീ.ഷാഫി പറമ്പിൽ
ശ്രീ.എം.പി.വിൻസെൻറ്
ശ്രീ.ലൂഡി ലൂയിസ്
ശ്രീ.വി.റ്റി.ബൽറാം

ഉത്തരം
ശ്രീ..ആര്യാടൻ മുഹമ്മദ്
ഊർജ്ജ വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | നാളേക്കിത്തിരി ഊർജ്ജം പദ്ധതി വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാം; | (ബി) | കുട്ടികൾക്കിടയിൽ ഊർജ്ജ സംരക്ഷണ അവബോധം വർദ്ധിപ്പിക്കുക, പുതുതലമുറയെ പ്രകൃതിയോട് ഇണങ്ങി ജീവിക്കാൻ പഠിപ്പിക്കുക, പുതുതായി കണ്ടുപിടിക്കപ്പെട്ട ഊർജ്ജ സംരക്ഷണ ഉപകരണങ്ങൾ പ്രചരിപ്പിക്കുക, കുട്ടികൾക്കിടയിലെ കഴിവുകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക, അദ്ധ്യാപകർക്ക് ഊർജ്ജ സംരക്ഷണത്തെക്കുറിച്ചുള്ള പരിശീലനം നൽകുക, അദ്ധ്യാപകർ വഴി അതാതു സ്കൂളുകളിൽ ഊർജ്ജ സംരക്ഷണ ക്ലബ്ബുകൾ രൂപീകരിക്കുക, കുട്ടികൾക്കായി ഊർജ്ജ സംരക്ഷണ ക്ലാസ്സുകൾ, മറ്റ് പ്രവർത്തനങ്ങൾ നടപ്പിലാക്കുക എന്നിവയാണ് പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങൾ. |
| (സി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | (സി | കെ.എസ്.ഇ.ബി.യും, ഇ.എം.സിയും ചേർന്ന് ഊർജ്ജ സംരക്ഷണത്തിന്റെ ആവശ്യകത പ്രചരിപ്പിക്കാനും ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കാനുമായി ആരംഭിച്ചതാണ് ഈ പദ്ധതി. 'നാളേയ്ക്ക് ഇത്തിരി ഊർജ്ജം' പരിപാടിയുടെ ഭാഗമായി വിവിധ പരിപാടികൾ 2011-ൽ നടത്തുകയുണ്ടായി. ഇതിന്റെ തുടർച്ചയായി എനർജി മാനേജ്മന്റ് സെന്റർ സ്മാർട്ട് എനർജി പ്രോഗ്രാം (SEP) എന്ന പേരിൽ കേരളത്തിൽ ഉടനീളം സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ്, സി.ബി.എസ്.ഇ, പ്രൈവറ്റ് സ്കൂളുകൾ എന്നിവയെ ബന്ധിപ്പിച്ച് ഊർജ്ജ ക്ലബ്ബുകൾ രൂപീകരിച്ചു. SEP യുടെ കീഴിൽ |

| | | | |
|---|---|---|---|
| | | | കഴിഞ്ഞകാലയളവിൽ 41 വിദ്യാഭ്യാസ ജില്ലകളിൽ ഓരോന്നിലും 10 സ്കൂളുകൾ എന്ന കണക്കിന് 410 സ്കൂളുകളെ ചേർക്കാൻ തീരുമാനിക്കുകയും 392 സ്കൂളുകൾ അംഗങ്ങളാകുകയും ചെയ്തു. തുടർന്ന് 2000 സ്കൂളുകളെ ചേർക്കാൻ തീരുമാനിച്ചതിൽ നാളിതുവരെ 1500 സ്കൂളുകൾ ചേർന്നു. SEP നടത്തിപ്പിനായി ഇ.എം.സിയുടെ കീഴിൽ 14 ജില്ലകളിലും ഓരോന്നിലും ഒന്ന് എന്ന കണക്കിന് 14 ജില്ലാ കോഓർഡിനേറ്റർമാരും അവരുടെ കീഴിൽ 41 വിദ്യാഭ്യാസ ജില്ലകളിൽ ഓരോന്നിലും ഒന്ന് എന്ന കണക്കിന് ജോയിന്റ് കോ-ഓർഡിനേറ്റർമാരും പ്രവർത്തിക്കുന്നു. ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഡിമാൻറ് സൈഡ് മാനേജ്മെൻറ് സെല്ലുകളെ ഉപയോഗിച്ച് പരിശീലന പ്രവർത്തനങ്ങളും നടത്തുകയുണ്ടായി. |

സെക്ഷൻ ഓഫീസർ